പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 4743 29.06.2012 ൽ മറുപടിയ്ക്ക്

**ദേശീയ സാമൂഹ്യ സഹായ പദ്ധതിയുടെ പ്രയോജനം അർഹതപ്പെട്ടവർക്ക് ലഭിക്കാൻ നടപടി**

| ചോദ്യം<br>ശ്രീമതി കെ.എസ് സലീഖ | ഉത്തരം<br>ഡോ. എം.കെ. മുനീർ<br>( പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | ദേശീയ സാമൂഹ്യ സഹായ പദ്ധതിയുടെ പ്രയോജനം അർഹരായവർക്ക് ലഭിക്കുന്നു എന്ന് ഉറപ്പു വരുത്താൻ കുടുംബശ്രീ അയൽക്കൂട്ടങ്ങളെ നിയോഗിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഉദ്ദേശിക്കുന്നുണ്ട്. പെൻഷന് അർഹതയുള്ള മുഴുവൻ പേരുടെയും വ്യക്തിഗത വിവരങ്ങൾ ശേഖരിക്കാൻ അയൽകൂട്ടങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വിവര ശേഖരണം പൂർത്തിയാക്കി തയ്യാറാക്കുന്ന പട്ടിക അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നിയമ പ്രകാരമുള്ള പരിശോധനകൾക്കായി സമർപ്പിക്കുന്നതാണ്. പ്രസ്തുത പട്ടിക പരിശോധിച്ച് അർഹതയുള്ള മുഴുവൻ പേർക്കും പെൻഷൻ ലഭ്യമാക്കുന്നതിനുള്ള ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കാണ്. |
| (ബി) | പ്രസ്തുത പദ്ധതി നടത്തിപ്പിനായി നിലവിൽ എത്ര ശതമാനം ഫണ്ടാണ് വിനിയോഗിക്കുന്നത്; ആയത് എത്ര ശതമാനമായി വർദ്ധിപ്പിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്; | (ബി) | ദേശീയ സാമൂഹ്യ സഹായ പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരാണ് അധിക കേന്ദ്ര സഹായമായി ഫണ്ട് അനുവദിക്കുന്നത്. 2011-12 ൽ 69.77 കോടി രൂപ ലഭിക്കുകയുണ്ടായി. |
| (സി) | 'ആശ്രയ പദ്ധതി' സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നടപ്പിൽ വരുത്തിയിട്ടുണ്ടോ; പദ്ധതി നടപ്പിൽ വരുത്താത്ത പഞ്ചായത്തുകൾക്കെതിരെ എന്തെല്ലാം നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്നും പ്രസ്തുത പദ്ധതിയിലൂടെ അർഹതപ്പെട്ടവരെ കണ്ടു പിടിച്ച് ആനുകൂല്യം അർഹരായവർക്ക് ഉറപ്പാക്കാൻ കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ സേവനം പ്രയോജനപ്പെടുത്തുമോ; വിശദാംശം വ്യക്തമാക്കുമോ? | (സി) | 64 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഇനിയും പദ്ധതി നടപ്പിലാക്കാനുണ്ട്. നടപ്പു സാമ്പത്തിക വർഷം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കർമ്മ പദ്ധതിക്ക് അംഗീകാരം നൽകുമ്പോൾ ആശ്രയ പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കിയതായി ഉറപ്പുവരുത്തേണ്ടതാണെന്നും ആശ്രയ പദ്ധതിക്കായി തുക വകയിരുത്തി പദ്ധതി നടപ്പാക്കലിന് അംഗീകാരം വാങ്ങിയ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ |

| | | | |
|---|---|---|---|
| | | | ആശ്രയ പദ്ധതിക്കായുള്ള പ്രോജക്ട് തയ്യാറാക്കിയില്ലെങ്കിൽ രണ്ടാം ഗഡു ധനസഹായം നൽകുന്നത് തടയേണ്ടതാണെന്നും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ആശ്രയ പദ്ധതിയുടെ ഗുണഭോക്താക്കളെ അയൽ കൂട്ടങ്ങൾ വഴി കണ്ടെത്തി അവരുടെ പട്ടിക തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സമർപ്പിക്കുന്നു. തുടർന്നാണ് അർഹതയുള്ള ഗുണഭോക്താക്കളുടെ അന്തിമ പട്ടിക തയ്യാറാക്കുന്നത്. |

സെക്ഷൻ ഓഫീസർ